(സി) ട്രഷറി വകുപ്പിൽ ആധുനികവൽക്കരണത്തിന്റെയും കമ്പ്യൂട്ടർ വൽക്കരണത്തിന്റെയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി, ഗ്രാസ് മുതലായ പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നതിനാൽ ട്രഷറി ഇടപാടുകൾ കൂടുതൽ സുഗമമാകുന്നതാണ്. ഈ സാഹചര്യത്തിൽ പുതിയതായി ട്രഷറികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തൃക്കരിപ്പൂർ സബ് ട്രഷറി ഉദ്ഘാടനം

163 (6614) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ സബ് ട്രഷറി ആരംഭിക്കുമെന്ന ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഈ ട്രഷറി എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ പഞ്ചായത്ത് തയ്യാറായതിനാൽ എപ്പോൾ ഉത്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തെ ബജറ്റിനെ കുറിച്ചുള്ള പൊതുചർച്ചയിൽ കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂരിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതുസംബന്ധിച്ച അനന്തരനടപടികൾ കൈകൊള്ളുന്നതാണ്.

പയ്യന്നൂർ സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം

164 (6615) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അറ്റകുറ്റപ്പണി നടത്തി താൽക്കാലികമായി ഉപയോഗയോഗ്യമാക്കിയ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം പണിയാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. (എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കുവാൻ ട്രഷറി ഡയറക്ടർ പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.)

(സി) ഇതുസംബന്ധിച്ച് ആവശ്യമായ രേഖകൾ സഹിതം ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly